# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ഇ2/13003/12 — തൈക്കാട്, തിരുവനന്തപുരം–14
തീയതി: 8.1.2013

## സർക്കുലർ

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്–2011-12 സാമ്പത്തിക വർഷങ്ങളിൽ 87 മോഡണൈസേഷൻ ശീർഷകത്തിലെ എക്പെന്റിച്ചർ ഡീറ്റൈൽസ്–സംബന്ധിച്ച്

സൂചന : ഈ സ്ഥാപനത്തിൽ നിന്നും വിവിധ കമ്പനികൾക്ക് നൽകിയ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ വിതരണ ഉത്തരവുകൾ

********

2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് വിവിധ ഐ.ടി.ഐ കളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ സംഭരണം നടത്തുന്നതിന് G.O(Rt) No. 942/12/LBR തീയതി, 22.6.2012 പ്രകാരം 2230-03-101-87-Mordernisation of ITI's (P) 2012-13 ശീർഷകത്തിൽ **17.77** കോടി രൂപ അനുവദിച്ച് ഉത്തരവായിരുന്നു. ഇതനുസരിച്ച് വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവുകൾ നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ പ്രസ്തുത പ്ലാൻ ഫണ്ട് പൂർണ്ണമായും ചെലവഴിക്കേണ്ടതിനാൽ ടി ശീർഷകത്തിലെ ഓരോ ആഴ്ചയിലേയും എക്സ്പെന്റിച്ചർ ഡീറ്റൈൽസും മൊത്തം എക്സ്പെന്റിച്ചറും അതത് ആഴ്ചയിലെ അവസാനത്തെ പ്രവർത്തി ദിവസം വൈകുന്നേരം **5** മണിക്ക് മുൻപ് ഈ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ-II നെ അറിയിക്കേണ്ടതാണ്. കൂടാതെ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന **പ്രൊഫോർമ-I** ൽ വിവരങ്ങൽ രേഖപ്പെടുത്തി purchasedt@gmail.com എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

2011-12 സാമ്പത്തിക വർഷത്തിൽ മോഡണൈസേഷൻ ശീർഷകത്തിൽ വിതരണ ഉത്തരവുകൾ നൽകിയിരുന്നതു പ്രകാരം വിവിധ കമ്പനികൾ സാധന സാമഗ്രികൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന **പ്രൊഫോർമ-II** ൽ അയച്ചു തരേണ്ടതാണ്.

മേൽ പറഞ്ഞ വിവരങ്ങൾ യഥാസമയം ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നതിനായി താങ്കളുടെ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥനെ പ്രത്യേകം നിയമിക്കേണ്ടതും ടി ഉദ്യോഗസ്ഥനെ നിയോഗിക്കുന്ന ഉത്തരവിന്റെ ഒരു പകർപ്പ് ടിയാന്റെ കോൺടാക്ട് ടെലഫോൺ നമ്പർ സഹിതം അനന്തര നടപടികൾക്കായി അയച്ചു

തരേണ്ടതാണ്. ടി ഉദ്യോഗസ്ഥൻ ഓരോ ആഴ്ചയുടെയും അവസാന ദിവസം 2011-12, 2012-13 വർഷങ്ങളിലെ എക്പെന്റിച്ചർ വിവരങ്ങൾ ഡയറക്ടറേറ്റിൽ ഫാക്സ്, purchasedt@gmail.com എന്നിവ മുഖാന്തിരം ഡയറക്ടറേറ്റിൽ അയക്കുകയും ഇവ ലഭ്യാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വകുപ്പിലേക്ക് നൽകപ്പെട്ടിട്ടുള്ള പ്ലാൻ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച അടിയന്തിര വിഷയമായതിനാൽ നടപടി യഥാസമയം സ്വീകരിക്കാത്ത ബന്ധപ്പെട്ട സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻമാർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ പ്രേരിതമായിത്തീരുമെന്ന വസ്തുതയും അറിയിക്കുന്നു.

ടി സർക്കുലർ കൈപ്പറ്റിയ വിവരം മടക്ക തപാലിൽ അറിയിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

പകർപ്പ്: എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

## പ്രൊഫോർമ-I

2012-2013 സാമ്പത്തിക വർഷത്തിൽ മോഡണൈസേഷൻ ശീർഷകത്തിൽ നൽകിയ വിതരണ ഉത്തരവിന്റെ വിശദ വിവരം

ഐ.ടി.ഐയുടെ പേര് : ................................................................................................

ശീർഷകം : ................................................................................................

Expenditure details from......................................to..................................................

| ക്രമ നമ്പർ | വിതരണ ഉത്തരവ് നമ്പർ/തീയതി | വിതരണം ചെയ്യേണ്ട തീയതി | വിതരണം നടത്തിയ തീയതി | കമ്പനിക്ക് നൽകേണ്ട തുക | കമ്പനിക്ക് നൽകിയ തുക | തുക നൽകിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

പ്രിൻസിപ്പാൾ

## പ്രൊഫോർമ-II

2011-2012 സാമ്പത്തിക വർഷത്തിൽ മോഡണൈസേഷൻ ശീർഷകത്തിൽ നൽകിയ വിതരണ ഉത്തരവിന്റെ വിശദ വിവരം (പെന്റിഗ് പേയ്മെന്റ്)

ഐ.ടിഐയുടെ പേര് : .......................................................................................

ശീർഷകം : ........................................................................................

| ക്രമ നമ്പർ | 1.4.2012 മുതൽ 31.1.2013 വരെ ചെലവായ ആകെ തുക | 2011-2012 വർഷത്തിൽ ടി ശീർശകത്തിൽ വിതരണ ഉത്തരവ് നൽകിയിട്ടും ഇനയും സാധനങ്ങൾ തൃപ്തികരമായി വിതരണം ചെയ്തിട്ടും നൽകുവാനുള്ള ആകെ തുക | 2011-2012 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവ് നൽകിയിരുന്നതു പ്രകാരം കമ്പനി വിതരണം ചെയ്ത സാധനങ്ങളിൽ ഡിഫക്ട് ഐറ്റം നൽകിയിട്ടുണ്ടെങ്കിൽ ടി ഐറ്റങ്ങളുടെ തുകയും ഉത്തരവ് നമ്പരും | കമ്പനി നാളിതുവരെ വിതരണം ചെയ്യാത്ത സാധനങ്ങളുടെ തുയും വിതരണ ഉത്തരവും | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |

പ്രിൻസിപ്പാൾ